# അക്കാദമിക മാസ്റ്റർ പ്ലാൻ

## സ്കൂൾ തലം



# ആമുഖം.

കേരളം മറ്റു പല രംഗങ്ങളിലുമെന്ന പോലെ വിദ്യാഭ്യാസരംഗത്തും ഏറെ നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. സർക്കാരിന്റെ വികസനാത്മകമായ ഇടപെടലുകളും പ്രബുദ്ധരായ സമൂഹത്തിന്റെ സഹകരണവും സഹായങ്ങളും, വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വപരമായ പങ്കും ഇവിടെ നടപ്പാക്കിയ വിവിധ പ്രോജക്ടുകളും ഈ പുരോഗതിക്ക് കാരണമായിട്ടുണ്ട്. അതിലെല്ലാമുപരി അധ്യാപകസമൂഹത്തിന്റെ അക്ഷീണപരിശ്രമം ഇതിനുത്തേജകമായിട്ടുണ്ട്.

പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ ഗുണമേന്മയുള്ള മികച്ച വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പ് കർമ്മനിരതമായും സമയബന്ധിതമായും ധാരാളം പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഉറച്ച ലക്ഷ്യബോധത്തോടെ വികസനോന്മുഖ വിദ്യാഭ്യാസം ഉറപ്പാക്കി നമുക്ക് ഒരുമിച്ച് മുന്നേറാം.

# പൊതുമികവ് പ്രവർത്തനങ്ങൾ.

## അമൃതം 2025-2026.

ഭാഷാപരമായ പിന്നാക്കം നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി പ്രത്യേകം പരിശീലനം നൽകുന്ന പദ്ധതിയാണ് അമൃതം 2025-2026.

## സ്കൂളിലൊരു കൃഷിത്തോട്ടം

രക്ഷിതാക്കളെയും കുട്ടികളെയും ഉൾപ്പെടുത്തി സ്കൂളിന്റെ ഉച്ചഭക്ഷണം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ 2025-26 ൽ നടപ്പിലാക്കുന്ന പദ്ധതിയാണ് സ്കൂളിലൊരു കൃഷിത്തോട്ടം. പച്ചക്കറി വിത്തുകൾ ശേഖരിച്ച് ഗ്രോബാഗിൽ നട്ട് കുട്ടികളുടെ സഹായത്തോടെ പരിപാലിച്ച് ജൈവപച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുക.

## ഹരിതവിദ്യാലയം.

സീഡിന്റെ ആഭിമുഖ്യത്തിൽ വിദ്യാലയം പ്ലാസ്റ്റിക് വിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ സ്കൂളിൽ നടപ്പിലാക്കുക എന്ന പദ്ധതിയാണ് ഹരിതവിദ്യാലയം.

# 2025-2026 വർഷത്തെ സന്നദ്ധത പ്രവർത്തനങ്ങൾ

| ക്രമ നം: | മേഖല | പ്രവർത്തനം | കാലയളവ് | നിർവ്വഹണ ചുമതല | ലക്ഷ്യം. |
|---|---|---|---|---|---|
| 1 | പൊതുഅവതരണം. ലഹരിഉപയോഗം | ലഹരിഉപയോഗം-ബോധവത്കരണ ക്ലാസ്. | 03/06/2025 2 PM to 3.30 PM | സനൽകുമാർ പോലീസ്ഓഫീസർ കനകക്കുന്ന്. | ലഹരിക്കെതിരെ അവബോധം സൃഷ്ടിക്കുക. പുതുതലമുറയെ ലഹരിയിൽ നിന്ന് രക്ഷിക്കുക. |
| 2 | റോഡ്സുരക്ഷ. | ബോധവത്കരണ ക്ലാസ്. | 04/06/2025 2PM To 3.30PM | ലിബിൻ ബേബി | പൊതുനിരത്തുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ടകാര്യങ്ങൾ. കുട്ടികളിൽ റോഡ്നിയമങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. |
| 3. | വ്യക്തിശുചിത്വം പരിസരശുചിത്വം | കൈ കഴുകൽ പരിശീലനം, ബോധവത്കരണ ക്ലാസ | 05/06/2025 2PM To 3.30PM. | നീതു. എൽ. | ശുചിത്വശീലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക. വൃത്തിയുടെ പ്രാധാന്യം മനസിലാക്കുക. വീട്ടിലും പൊതുസമൂഹത്തിലും പാലിക്കേണ്ട ശുചിത്വശീലങ്ങൾ അറിയുക. |
| 4. | ആരോഗ്യം വ്യായാമം കായികക്ഷമത. | ബോധവത്കരണ ക്ലാസ് സുംബാ, ലഘു-വ്യായാമങ്ങൾ | 09/06/2025 | സുനിത. ആർ | നിത്യജീവിതത്തിൽ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന്റെ പ്രാധാന്യം തിരിച്ചറിയൽ. |

| | | | | | |
|---|---|---|---|---|---|
| 5. | ഡിജിറ്റൽ-അച്ചടക്കം | Slide show. Interaction | 10/06/2025 2 PM TO 3:30PM | നീതു.എൽ | മൊബൈൽഫോൺ ഒരുക്കുന്ന ചതിക്കുഴികളെക്കുറിച്ച് കുട്ടികളെ അവബോധം സൃഷ്ടിക്കുക. മൊബൈൽഫോണിന്റെ ഉപയോഗം കുറയ്ക്കുക. |
| 6 | പൊതുമുതൽ സംരക്ഷണം | ബോധവത്കരണ ക്ലാസ് | 11/06/2025 | ലേഖ.വി | പൊതുസ്ഥാപനങ്ങൾ, പൊതുഇടങ്ങൾ, പൊതുമുതൽ ഇവ തിരിച്ചറിയുന്നു. ഇവിടെ പാലിക്കേണ്ട മര്യാദകൾ മനസിലാക്കുക. |
| 7. | പരസ്പര-സഹകരണം | ബോധവത്കരണ ക്ലാസ്. .കളികൾ | 12/06/2025 | ലേഖ.വി | പരസ്പരവിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും സഹകരണത്തിന്റെയും നല്ല മാതൃക പരിചയപ്പെടൽ. |
| 8 | പൊതുബോധവത്കരണം | Interactive. class: | 13/06/2025 | ലിസൻബേബി. | കുട്ടികൾ ആർജിച്ച കഴിവുകൾ പ്രയോഗത്തിൽ വരുത്തുക പാഠപുസ്തകങ്ങളിൽ മാത്രം ഒതുങ്ങാതെ ജീവിതമൂല്യങ്ങൾ മനസ്സിലാക്കി മുന്നേറുക. അച്ചടക്കം, വിനയം, സത്യസന്ധത എന്നിവ ജീവിതലക്ഷ്യത്തിൽ മുറുകെപിടിക്കുക |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : മലയാളം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക പിന്തുണ. |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | അക്ഷരമുറപ്പിക്കൽ, അക്ഷരക്കാർഡ്, പദക്കാർഡുകൾ, വാക്കുകളുടെയും വാക്യങ്ങളുടെയും നിർമ്മാണം ചിത്രം നോക്കി അടിക്കുറിപ്പ്, കഥ പറയിക്കുക കഥ പൂർത്തിയാക്കൽ ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്. | ജൂൺ ജൂലൈ ഓഗസ്റ്റ് | BRC SMC. |
| കുട്ടിയെ മികച്ച വായനക്കാരാക്കുക | വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ. സ്കൂൾ ലൈബ്രറി നവീകരിക്കൽ, പത്രവായന, അമ്മവായന വായനാക്കുറിപ്പ് തയ്യാറാക്കുക; വായനസാമഗ്രികൾ തയ്യാറാക്കുക. വായന ദിനാഘോഷങ്ങൾ സംഘടിപ്പിക്കുക | സെപ്തംബർ ഒക്ടോബർ നവംബർ ഡിസംബർ | BRC |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക.<br>(എഴുത്തുകൂട്ടം) | എഴുത്തുകൂട്ടം<br>പുസ്തകചർച്ച<br>വായനക്കുറിപ്പ്<br>പതിപ്പ് തയ്യാറാക്കൽ<br>ആസ്വാദനക്കുറിപ്പ്<br>അനുഭവക്കുറിപ്പ്<br>ചുമർപത്രിക.<br>ബാലസഭ<br>പൊതുവേദികളിൽ സംസാരിക്കുവാനുള്ള കഴിവ് വളർത്തുക.<br>വ്യക്തിഗതരചന<br>സംഘരചന. | ജനുവരി<br>ഫെബ്രുവരി<br>മാർച്ച് | BRC<br>SMC. |

# ACADEMIC MASTER PLAN.

## ENGLISH.

| SKILLS | ACTIVITIES | DURATION | |
|---|---|---|---|
| Listening | * Showing the suitable cards of the picture.<br>* Telling interesting stories.<br>* Choreography<br>* Narration.<br>* Presentation of the videos. | June<br>July<br>August. | SRG. |
| Speaking | * Taking communicative English class for the students.<br>Showing picture, stories and to ask them to tell in simple sentences<br>News reading, roleplay.<br>Showing relevent picture connected with the lesson and to ask them to tell in a breef discription. | September<br>October<br>December. | SRG. |

| | | | |
|---|---|---|---|
| Reading | Picture cards chart ask reading of simple Stories referring the dictionary introducing the voccabulary connected to each lesson. Ask the students to read the lesson in the text book | December January | SRG. |
| Writing | Writing thoughat of characters according to the specific contest adding more line connected to the poem. Completing the word-web Discribing places. Waitting conversation Waiting about myself Using library fecility Matching suitable words with picture. | February March. | SRG SME |

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## മേഖല: ഗണിതം

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | പിന്തുണ |
|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ. | സംഖ്യാകാർഡുകൾ, സംഖ്യാനിർമ്മാണം, സ്ഥാനവില, സംഖ്യാവ്യാഖ്യാനം, സ്ഥാനവില പോക്കറ്റ്, അക്ഷരത്തിലെഴുതൽ | ജൂൺ ജൂലൈ ഓഗസ്റ്റ് | SRG |
| ചതുഷ്ക്രിയകൾ ഉറപ്പിക്കൽ | സങ്കലനം, വ്യവകലനം, ഗുണനം, ഹരണം തുടങ്ങിയ ക്രിയകൾ ഉറപ്പിക്കൽ, സംഖ്യാകാർഡ്, കമ്പുകെട്ടുകൾ മഞ്ചാടി, ഗുണനപട്ടിക ചാർട്ട്, പട്ടികരൂപീകരണം, ഗുണനവസ്തുതകൾ | സെപ്റ്റംബർ ഒക്ടോബർ നവംബർ | SMC BRC. |
| പ്രശ്നാപഗ്രഥനം പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനുള്ള ശേഷിനേടുക. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്നപ്രശ്നങ്ങൾ അപഗ്രഥനം, നിഗമന ക്രിയകൾ | ഡിസംബർ ജനുവരി | BRC |

| | | | |
|---|---|---|---|
| അളവുകൾ | ക്ലോക്ക് നിർമ്മാണം, സ്കെയിൽ നിർമ്മാണം. അളവുപാത്രങ്ങൾ ഭാരം, നീളം, ഉള്ളളവ്, തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ഫെബ്രുവരി മാർച്ച് | S R G. |

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മേഖല : പരിസരപഠനം.

| മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതിക പിന്തുണ |
|---|---|---|---|
| നിരീക്ഷണം താരതമ്യം അപഗ്രഥനം നിഗമനം പ്രോജക്ട് ലഘുപരീക്ഷണം എന്നിവയിലൂടെ ഉള്ളി വിഭവനാക്കാ വ്യവസ്ഥ പരിഹരിക്കൽ | പ്രകൃതിനിരീക്ഷണം<br>ലഘുപരീക്ഷണങ്ങൾ<br>ലഘുപഠനയാത്രകൾ<br>പരിസരനിരീക്ഷണം | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | BRC |
| നാടിനെ അറിയാം | ഇന്ത്യ, കേരളം എന്നിവയുടെ ഭൂപടം ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ | സെപ്തംബർ<br>ഒക്ടോബർ | SMC. |
| ജില്ലയെ അറിയാൻ | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ | | |

| | | | |
|---|---|---|---|
| കൃഷിഒരു സംസ്കാരമാക്കാം | ജൈവ പച്ചക്കറികൃഷി കർഷകരുമായിഅഭിമുഖം കൃഷിസ്ഥലം സന്ദർശിക്കൽ കൃഷിഭവൻ സന്ദർശിക്കൽ കാർഷികക്ലാസ് കാർഷികദിനാചരണങ്ങൾ ആഘോഷമാക്കാം. | നവംബർ ഡിസംബർ | DIET SMC SRG. |
| പൊതുസ്ഥാപനങ്ങൾ നമ്മുടെ നാട്ടിലെപൊതു സ്ഥാപനങ്ങൾ | പൊതുസ്ഥാപനങ്ങൾ സന്ദർശിക്കൽ പ്രവർത്തനങ്ങൾ മനസിലാക്കാൻ പൊതു സ്ഥാപനങ്ങളുടെ ആവശ്യകത, സംരക്ഷിക്കേണ്ടതിന്റെ ആവശ്യം എന്നിവ അറിയൽ | ജനുവരി ഫെബ്രുവരി മാർച്ച് | BRC SRG SMC. |

# ഉപസംഹാരം.

2024-2025 അധ്യയന വർഷത്തിൽ കുട്ടികളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റി. സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊണ്ട് ചിട്ടയും ആത്മാർത്ഥവുമായ പ്രവർത്തനങ്ങളിലൂടെ മികച്ച ഒരു വിദ്യാലയം പടുത്തുയർത്താൻ. അക്കാദമിക മാസ്റ്റർ പ്ലാൻ അധ്യാപകർക്ക് സഹായകമാകുന്നു.

കുട്ടികളുടെ ഭാഷാപരവും മാനസികവും, ശാസ്ത്രപരവും, ശാരീരികവുമായ വികാസം മുന്നിൽവച്ച് ഒരു വർഷം നടപ്പിലാക്കേണ്ട പ്രവർത്തനങ്ങളുടെ സംഗ്രഹമാണ് ഈ മാസ്റ്റർപ്ലാൻ. ടി. പ്ലാൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ പൂർത്തീകരണ സമയത്ത് നമ്മൾ ലക്ഷ്യംവച്ച കഴിവുകളും ശേഷികളും കുട്ടിക്ക് നേടിയെടുക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

# ഗവ. എൽ. പി. സ്കൂൾ മുതുകുളം